"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - വിജിലൻസ് മിന്നൽ പരിശോധന - കരുനാഗപ്പള്ളി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീമതി.എസ്.ഷെർലാ ബീഗത്തിനെതിരെ ആരംഭിച്ച അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇ.യു.) വകുപ്പ്**

**സ.ഉ.(സാധാ) നം.899/2020/ത.സ്വ.ഭ.വ** തീയതി, തിരുവനന്തപുരം, 18/05/2020

---

പരാമർശം:- 1 വിജിലൻ സ് & ആന്റി-കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 24.10.2017 തീയതിയിലെ ഇ3 (എസ്.സി.69/17/കൊല്ലം) 32809/2017 നമ്പർ കത്ത്.

2 കരുനാഗപ്പള്ളി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീമതി.എസ്.ഷെർലാ ബീഗത്തിന് നൽകിയ 08.05.2018 തീയതിയിലെ തസ്വഭവ-ഇ.യു.1/103/2018 -ത.സ്വ.ഭ.വ. നമ്പർ കുറ്റപത്രം.

3 കുറ്റപത്രത്തിന് ശ്രീമതി ഷെർലാ ബീഗം സമർപ്പിച്ച തീയതി രേഖപ്പെടുത്താത്ത പ്രതിവാദ പത്രിക.

4 നഗരകാര്യ ഡയറക്ടറുടെ 29.11..2018 തീയതിയിലെ വി1 -11736/2018 നമ്പർ കത്ത്.

**ഉത്തരവ്**

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ കരുനാഗപ്പള്ളി മുനിസിപ്പൽ ഓഫീസിൽ 27.05.2017-ൽ നടത്തിയ മിന്നൽ പരിശോധനയിൽ ഹാജർ ബുക്കിൽ ഉദ്യോഗസ്ഥർ ശരിയായ രേഖപ്പെടുത്തലുകൾ നടത്തുന്നില്ലായെന്നും ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ ഹാജറുള്ള എല്ലാ ഉദ്യോഗസ്ഥരും ക്യാഷ് ഡിക്ലയർ ചെയ്ത് കാണുന്നില്ലായെന്നും ഔദ്യോഗിക ആവശ്യത്തിന് പുറത്ത് പോകുമ്പോൾ മൂവ്മെന്റ് രജിസ്റ്ററിൽ അവ രേഖപ്പെടുത്തിക്കാണുന്നില്ലായെന്നും. ജനന മരണ സർട്ടിഫിക്കറ്റിനുള്ള അപേക്ഷകൾ സെക്ഷനുകളിൽ നേരിട്ട് സ്വീകരിക്കുന്നതായും സേവനവകാശത്തെ സംബന്ധിച്ച അറിയിപ്പ് ഓഫീസിന് മുൻവശത്ത് പ്രദർശിപ്പിച്ചിട്ടില്ലായെന്നും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീമതി.എസ്.ഷെർലാ ബീഗത്തിന് കാര്യനിർവ്വഹണ ഉദ്യോഗസ്ഥ എന്ന നിലയിൽ ഔദ്യോഗിക കൃത്യ നിർവ്വഹണത്തിലെ ഉത്തരവാദിത്തമില്ലായ്മയും മേൽനോട്ടക്കുറവും സംഭവിച്ചു എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പരാമർശം രണ്ട് പ്രകാരം കുറ്റാരോപണ മെമ്മോ നൽകിയിരുന്നു.

2. 27.05.2017-ൽ രാവിലെ 10 മണിക്ക് പന്മന ഗ്രാമപഞ്ചായത്ത് ഹാളിൽ വച്ച് നടന്ന സാംഖ്യ വെബ് മൊഡ്യൂൾ ഇ-ബിൽ സബ് മിഷന്റെ പരിശീലന പരിപാടിയിൽ പങ്കെടുത്തതു കൊണ്ട് ഓഫീസിൽ ഹാജരാകുവാൻ സാധിച്ചിരുന്നില്ല എന്നും ആയതിനാലാണ് ഉദ്യോഗസ്ഥരുടെ ഹാജർ ബുക്ക് പരിശോധിക്കുവാൻ സാധിക്കാതെ വന്നത് എന്നും സെക്രട്ടറിയുടെ അഭാവത്തിൽ ഓഫീസിന്റെ ചുമതല ഡെലിഗേഷൻ ഉത്തരവ് പ്രകാരം സൂപ്രണ്ടിനായിരുന്നു എന്നും സെക്രട്ടറി ബോധിപ്പിച്ചിരുന്നു. ഡെലിഗേഷൻ ഉത്തരവിന്റെ പകർപ്പും സമർപ്പിച്ചിട്ടുണ്ട്. എന്നിരുന്നാലും രാവിലെ 10 മണിക്ക് ഓഫീസിൽ ഹാജരായി ഹാജർ ഒപ്പ് വയ്ക്കേണ്ടതും അവധി എടുക്കുമ്പോൾ മുൻകൂട്ടി രേഖാമൂലം അപേക്ഷ നൽകേണ്ടതും ഏതെങ്കിലും കാരണവശാൽ മുൻകൂട്ടി അറിയിക്കാൻ സാധിക്കാതെ വരുന്ന പക്ഷം ഫോൺ മുഖേന അറിയിക്കേണ്ടതും തൊട്ടടുത്ത ദിവസം രേഖാമൂലം അപേക്ഷ സമർപ്പിക്കേണ്ടതാണെന്നും നിഷ്കർഷിച്ച് സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്.അന്നേ ദിവസം ഹാജരാകാതിരുന്ന ജീവനക്കാരെല്ലാവരും അടുത്ത ദിവസം ഹാജരായി അപേക്ഷ സമർപ്പിച്ചിട്ടുള്ളതും കാഷ്വൽ ലീവ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളതുമാണെന്നും അനധികൃതമായി

ഹാജരാകാതിരുന്നവർക്ക് കർശന താക്കീത് നൽകിയിട്ടുള്ളതാണെന്നും അറിയിച്ചിട്ടുണ്ട്. അപേക്ഷകളെല്ലാം ഫ്രണ്ട് ഓഫീസ് വഴിയാണ് സ്വീകരിക്കുന്നതെന്നും നേരിട്ട് സെക്ഷനുകളിൽ സ്വീകരിച്ചിട്ടില്ലായെന്നും മേൽ വസ്തുതകൾ പരിഗണിച്ച് തുടർനടപടികളിൽ നിന്നും ഒഴിവാക്കണമെന്നും പരാമർശം മൂന്ന് പ്രകാരം സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ട്.

3. ഉദ്യോഗസ്ഥർ അനധികൃതമായി ഓഫീസിൽ ഹാജരാകാതിരുന്നതും അപേക്ഷകൾ സെക്ഷനുകളിൽ നേരിട്ട് സ്വീകരിച്ചിട്ടുള്ളതും ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ മൂവ്മെന്റ് രജിസ്റ്റർ എന്നിവ ശരിയായി സൂക്ഷിക്കാതെ വന്നിട്ടുള്ളതും കാര്യനിർവ്വഹണ ഉദ്യോഗസ്ഥ എന്ന നിലയിൽ സെക്രട്ടറിയുടെ ഭാഗത്ത് നിന്നുള്ള ഗുരുതരമായ വീഴ്ചയാണ് എന്നും സേവനവകാശ നിയമം സംബന്ധിച്ച ബോർഡ് പ്രദർശിപ്പിക്കപ്പെടാത്തത് തികഞ്ഞ ചട്ടലംഘനവുമാണ് എന്നും, ആയതിനുള്ള നഗരസഭാ സെക്രട്ടറിയുടെ വിശദീകരണങ്ങൾ തൃപ്തികരമല്ല എന്നും നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. കുറ്റാരോപണ പത്രികയിൽ സൂചിപ്പിച്ചിട്ടുള്ള പ്രകാരം ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ, മൂവ്മെന്റ് രജിസ്റ്റർ എന്നിവ കൃത്യമായി പരിപാലിക്കാത്തത് സംബന്ധിച്ചും സേവനവകാശ നിയമപ്രകാരമുള്ള ബോർഡ് സ്ഥാപിച്ചിട്ടില്ലാത്തത് സംബന്ധിച്ചും മറുപടിയിൽ യാതൊന്നും പരാമർശിച്ചിട്ടില്ലായെന്നും വിജിലൻസ് പരിശോധനാ ദിവസം സെക്രട്ടറി പരിശീലന പരിപാടിയിലായിരുന്നതും അധികാരങ്ങൾ സൂപ്രണ്ടിംഗ് ഉദ്യോഗസ്ഥർക്ക് കൈമാറിയിട്ടുള്ളതും ടി വീഴ്ചകൾക്ക് മതിയായ കാരണങ്ങളാകുന്നില്ലായെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ജീവനക്കാർ രാവിലെ 10 മണിക്ക് ഓഫീസിൽ ഹാജരായി ഹാജർ വയ്ക്കണമെന്നും അവധികൾ യഥാസമയം അറിയിക്കണമെന്നും ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ, മൂവ്മെന്റ് രജിസ്റ്റർ എന്നിവയിൽ കൃത്യമായി രേഖപ്പെടുത്തലുകൾ നടത്തണമെന്നും സൂചിപ്പിച്ചുകൊണ്ട് 05.05.2017-ൽ സെക്രട്ടറി സർക്കുലർ നൽകിയിട്ടുള്ളതാണ്. കൂടാതെ സെക്രട്ടറിയുടെ അധികാരങ്ങൾ സൂപ്രണ്ടിംഗ് ഉദ്യോഗസ്ഥർക്ക് കൈമാറി 26.05.2017-ൽ ജി.1-14156/15 നമ്പർ പ്രകാരം നഗരസഭാ സെക്രട്ടറി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു എന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ആയത് സെക്രട്ടറിയുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ചകളെ ന്യായീകരിക്കാൻ മാത്രം കാരണമാകുന്നില്ലായെന്നും സെക്രട്ടറിയുടെ ഭാഗത്തു നിന്ന് വിജിലൻസ് വിഭാഗം കണ്ടെത്തിയതുപോലെ കൃത്യവിലോപം സംഭവിച്ചിട്ടുള്ളതായി കണക്കാക്കേണ്ടതാണെന്നും ആയതിനാൽ ശ്രീമതി.എസ്.ഷെർലാ ബീഗത്തിനെതിരെ ഉചിതമായ നടപടി സ്വീകരിക്കാവുന്നതാണെന്നും നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ സെക്രട്ടറിയുടെ ഭാഗത്ത് വീഴ്ച വന്നിട്ടുള്ളതാണ്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കരുനാഗപ്പള്ളി നഗരസഭ സെക്രട്ടറിയായിരുന്ന ശ്രീമതി.എസ്.ഷെർലാ ബീഗത്തിന്റെ ഭാഗത്ത് കൃത്യവിലോപം സംഭവിച്ചതായുള്ള നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാൾക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി, KCS(CC&A) Rules 1960 Rule 11(1) (iii) പ്രകാരം ടിയാളുടെ ഒരു വാർഷിക വേതന വർദ്ധനവ് ഒരു വർഷത്തേയ്ക്ക് സഞ്ചിതഫല പ്രാബല്യമില്ലാതെ തടഞ്ഞുകൊണ്ട് തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
**അഡിഷണൽ സെക്രട്ടറി**

**പകർപ്പ്** :-

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.

ഡയറക്ടർ, വിജിലൻസ് & ആന്റി-കറപ്ഷൻ ബ്യൂറോ , തിരുവനന്തപുരം.

സെക്രട്ടറി, കരുനാഗപ്പള്ളി നഗരസഭ

ശ്രീമതി ഷെർലാ ബീഗം, മുൻ സെക്രട്ടറി, കരുനാഗപ്പള്ളി നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)

വിജിലൻസ് വകുപ്പ്

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ